**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** **16-09-2025 - ൽ മറുപടിയ്ക്ക്**

**സുൽത്താൻ കനാലിന്റെ പാർശ്വ ഭിത്തി പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുള്ള സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സുൽത്താൻ കനാലിന്റെ വലതു കരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്ക് ഭാഗത്ത് തകർന്ന ഭാഗങ്ങളിൽ 140 മീറ്റർ പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്കിന് 2 കോടി രൂപക്കുള്ള ടെണ്ടറിന് 22.03.2025 ൽ അംഗീകാരം നല്കിയിട്ടുണ്ട്. മറ്റ് രണ്ട് പ്രവൃത്തികൾക്കായി ലഭിച്ച ടെണ്ടറിന് അംഗീകാരം നല്കുന്ന വിഷയം പരിഗണനയിലാണ്. |
| (ബി) | പലതവണ ടെൻഡർ ചെയ്തിട്ടും കരാറുകാർ പ്രവർത്തി എടുക്കാത്തതിനാൽ അടങ്കൽ തുകയേക്കാൾ കൂടുതൽ തുക അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയത് എപ്പോഴാണ്; ധനകാര്യ വകുപ്പിൽ നിന്ന് ഫയൽ തിരികെ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | (ബി) | **സുൽത്താൻ കനാലിന്റെ സംരക്ഷണ ഭിത്തി നിർമ്മാണത്തിനായുള്ള 3 പ്രവൃത്തികളുടെ ടെണ്ടർ അംഗീകാരത്തിനായി ലഭിച്ച പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിലേക്ക് നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.**<br><br>**1. സുൽത്താൻ കനാലിന്റെ വലതുകരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്ക് വശം തകർന്ന ഭാഗങ്ങളിൽ 140 മീറ്റർ പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്ക് -2.00 കോടി രൂപ.**<br><br>**02.09.2024 ൽ ധനകാര്യ വകുപ്പിന് നല്കിയ ഫയൽ 04.01.2025 ൽ തിരികെ ലഭിച്ചു.**<br><br>**2. സുൽത്താൻ കനാലിന്റെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം -2.00 കോടി രൂപ.**<br><br>**02.09.2024 ൽ ധനകാര്യ വകുപ്പിന് നല്കിയ ഫയൽ 26.03.2025 ൽ തിരികെ ലഭിച്ചത് വീണ്ടും 10.04.2025 ൽ ധനകാര്യ വകുപ്പിന്റെ പരിഗണനക്ക് നല്കിയിരിക്കുകയാണ്.**<br><br>**3. സുൽത്താൻ കനാലിന്റെ വലതുകരയിൽ ചൈനാക്ലേ തോടിന്റെ വടക്കുവശം 80 മീറ്ററും തെക്കുവശം 50 മീറ്ററും ഉൾപ്പെടുത്തി പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്കിന് 1.80 കോടി രൂപ** |

| | | | |
|---|---|---|---|
| | | | **02.09.2024 ൽ ധനകാര്യ വകുപ്പിന് നല്കിയ ഫയൽ 03.05.2025 ൽ തിരികെ ലഭിച്ചത് വീണ്ടും 12.05.2025 ൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നല്കിയിട്ടുണ്ട്.** |
| (സി) | കനത്ത മഴ പെയ്യുന്ന സമയത്ത് പ്രസ്തുത സ്ഥലത്ത് താമസിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന ഭീതി കണക്കിലെടുത്ത് ഈ പ്രവർത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | **സുൽത്താൻ കനാലിന്റെ സംരക്ഷണ ഭിത്തി നിർമ്മാണത്തിനായുള്ള 3 പ്രവൃത്തികളുടെ ടെണ്ടർ അംഗീകാരത്തിനായി ലഭിച്ച പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിലേക്ക് നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.**<br><br>**1. സുൽത്താൻ കനാലിന്റെ വലതുകരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്ക് വശം തകർന്ന ഭാഗങ്ങളിൽ 140 മീറ്റർ പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്ക് -2.00 കോടി രൂപ.**<br><br>**02.09.2024 ൽ ധനകാര്യ വകുപ്പിന് നല്കിയ ഫയൽ 04.01.2025 ൽ തിരികെ ലഭിച്ചു.**<br><br>**2. സുൽത്താൻ കനാലിന്റെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം -2.00 കോടി രൂപ.**<br><br>**02.09.2024 ൽ ധനകാര്യ വകുപ്പിന് നല്കിയ ഫയൽ 26.03.2025 ൽ തിരികെ ലഭിച്ചത് വീണ്ടും 10.04.2025 ൽ ധനകാര്യ വകുപ്പിന്റെ പരിഗണനക്ക് നല്കിയിരിക്കുകയാണ്.**<br><br>**3. സുൽത്താൻ കനാലിന്റെ വലതുകരയിൽ ചൈനാക്കേ തോടിന്റെ വടക്കുവശം 80 മീറ്ററും തെക്കുവശം 50 മീറ്ററും ഉൾപ്പെടുത്തി പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്കിന് 1.80 കോടി രൂപ**<br><br>**02.09.2024 ൽ ധനകാര്യ വകുപ്പിന് നല്കിയ ഫയൽ 03.05.2025 ൽ തിരികെ ലഭിച്ചത് വീണ്ടും 12.05.2025 ൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നല്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ